കമ്മറ്റിയുടെ ശുപാർശ ലഭിച്ചശേഷം ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

(സി) എൻ.ഐ.സി.യുമായി സഹകരിച്ചാണ് കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നത്. ഈ വിഷയത്തിൽ സി.എം.സി, സി-ഡാക്, ഇ.സി.ഐ.എൽ, കെൽട്രോൺ എന്നീ കമ്പനികളുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) മൈക്രോസോഫ്റ്റ് (ഇന്ത്യ) എന്ന കമ്പനിയുമായി സഹകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സി-ഡിറ്റ്, ഈ മേഖലയിലുള്ള മറ്റു കമ്പനികളുമായും ചർച്ചകൾ നടത്തിവരുന്നു.

10 (2195) ഭരണപരിഷ്ക്കാര കമ്മിഷൻ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്ക്കാര കമ്മിഷന്റെ പ്രവർത്തനം എന്നാരംഭിച്ചു;

(ബി) കമ്മിഷന്റെ പ്രവർത്തന കാലാവധി എന്നുവരെയാണ്;

(സി) ഈ കാലയളവിനുള്ളിൽ കമ്മിഷൻ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണപരിഷ്ക്കാര കമ്മിറ്റി 2.6. 97 ൽ പ്രവർത്തനമാരംഭിച്ചു.

(ബി)&(സി) കമ്മിറ്റിയുടെ പ്രവർത്തനത്തിന് പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഒരു വർഷത്തിനകം പ്രവർത്തനം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

11 (2196) ബോർസ്റ്റൽ സ്കൂളുകൾ

ശ്രീ. ജോസ് ബേബി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ബോർസ്റ്റൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുള്ളത്;

(ബി) ഓരോ സ്കൂളിലും 1998-99 കാലയളവിൽ ആദ്യം ഉണ്ടായിരുന്നവർ, പുതുതായി വന്നവർ, വിടുതൽ ചെയ്തവർ എത്ര വീതമാണെന്നും ഇപ്പോൾ ഓരോ സ്കൂളിലും എത്രപേർ വീതമുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ എന്തെല്ലാം പരിശീലനമാണ് ഈ സ്കൂളുകളിൽ നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 21 വയസ്സിനു താഴെ പ്രായമുള്ള എത്രപേർ വിവിധ ജയിലുകളിലായി ശിക്ഷയനുഭവിച്ചു വരുന്നുണ്ട്; ഇവരെ ബോർസ്റ്റൽ സ്കൂളുകളിലേക്ക് മാറ്റാതിരിക്കുന്നതിന്റെ കാരണം എന്താണെന്നു വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആയി എറണാകുളം ജില്ലയിൽ തൃക്കാക്കരയിൽ ഒരു ബോർസ്റ്റൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) തൃക്കാക്കര ബോർസ്റ്റൽ സ്കൂളിൽ 1998-99 കാലയളവിൽ ആദ്യം 6 പേർ ഉണ്ടായിരുന്നു. പുതുതായി 3 പേരെക്കൂടി പ്രവേശിപ്പിക്കപ്പെട്ടു. ഇതിൽ 6 പേരെ കാലാവധി കഴിഞ്ഞും ഒരാളെ ജാമ്യത്തിലും മോചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ 2 ആൺകുട്ടികൾ അന്തേവാസികൾ ആയുണ്ട്.

(സി) അന്തേവാസികളുടെ പുനരധിവാസം ലക്ഷ്യമാക്കി, നല്ല പൗരന്മാരായി ഉയർത്തിക്കൊണ്ടു വരുന്നതിനായി തയ്യൽ, നെയ്ത്ത്, മരപ്പണി എന്നിവയിൽ പരിശീലനവും പഠിക്കാനാഗ്രഹമുള്ളവർക്ക് പഠനസൗകര്യവും നൽകിവരുന്നു.

(ഡി) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി പുരുഷൻമാരും സ്ത്രീകളുമായി 21 വയസിനു താഴെ പ്രായമുള്ള 167 പേർ ശിക്ഷയനുഭവിച്ചുവരുന്നു. ഇവരിൽ രണ്ടുവർഷക്കാലയളവിൽ കൂടുതൽ ശിക്ഷാകാലം ശേഷിക്കുന്ന 27 പേരെ ബോർസ്റ്റൽ സ്കൂളിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

12 (2197) സംസ്ഥാനത്തുള്ള ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾ സംസ്ഥാനത്തിനുണ്ടാക്കുന്ന ഗുണപരമായ നേട്ടങ്ങളെക്കുറിച്ച് സർക്കാർ വിലയിരുത്താറുണ്ടോ;

(സി) ഇതിനായി സംസ്ഥാന സർക്കാരിൽ ഇപ്പോഴുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് കീഴിൽ പ്രധാനപ്പെട്ട ഏഴ് ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ ഉണ്ട്. അവ താഴെ പറയുന്നവയാണ്.

1. കേരള വന ഗവേഷണ കേന്ദ്രം, പീച്ചി, തൃശ്ശൂർ
2. ഭൂതല പഠന കേന്ദ്രം, ആക്കുളം, തിരുവനന്തപുരം
3. ദേശീയ ഗതാഗത ആസൂത്രണ കേന്ദ്രം, തിരുവനന്തപുരം
4. അനെർട്ട്, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly